**വിദ്യാഭ്യാസ അവകാശനിയമം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് 2013 മെയ് 17 ന് പൊതുവിദ്യാഭ്യാസ സെക്രട്ടറി വിളിച്ചുചേർത്ത അധ്യാപകസംഘടനകളുടെ യോഗത്തിൽ കെ എസ് ടി എ സമർപ്പിച്ച നിർദ്ദേശങ്ങൾ**

വിദ്യാഭ്യാസ അവകാശ നിയമം നടപ്പാക്കുന്നത് സംബന്ധിച്ച് ഘടനാപരമായ മാറ്റം, അധ്യാപക വിദ്യാർത്ഥി അനുപാതം തുടങ്ങിയ കാര്യങ്ങളുമായി ബന്ധപ്പെടുത്തി ജി. ഒ (എം.എസ്) നം. 154/2013/പൊ.വി. തീയതി 3.5.2013 ഉത്തരവ് പുറപ്പെടുവിച്ചിട്ടു്. പ്രസ്തുത ഉത്തരവ് സസൂഷ്മം വിലയിരുത്തി ഞങ്ങളുടെ അഭിപ്രായം രൂപീകരിച്ചിട്ടു്.

1. കേരളത്തിൽ ഒന്നാം ക്ലാസ് പ്രവേശനം 5 വയസ്സിൽ തന്നെ നടക്കുന്നതിനാൽ പ്രസ്തുത കുട്ടികൾക്ക് അടക്കം വിദ്യാഭ്യാസ അവകാശം ഉറപ്പാക്കാൻ എടുത്ത തീരുമാനം സ്വാഗതാർഹമാണ്.

2. 6 മുതൽ 14 വയസ്സുവരെ അതായത് എലിമന്ററി ഘട്ടത്തിന്റെ അവസാനമായ 8–ാം ക്ലാസുവരെ മുഴുവൻ കുട്ടികൾക്കും വിദ്യാഭ്യാസം അവരുടെ അവകാശമാണെന്നും അതു ഉറപ്പാക്കാനുള്ള ബാധ്യത അതത് സർക്കാരുകൾക്ക് ഉന്നും നിയമം അനുശാസിക്കുന്നു. അതിനായി നിശ്ചിത ദൂര പരിധിയിൽ കുട്ടികൾക്ക് പഠിക്കാനായി സ്കൂളുകൾ ആവശ്യമാണ് എന്നും അതുറപ്പാക്കാനുള്ള ബാധ്യത അതത് സർക്കാരുകൾക്കാണെന്നും നിയമം നിഷ്കർഷിക്കുന്നു്. എന്നാൽ എലിമന്ററി ഘട്ടത്തിന്റെ ഒന്നാം ഘട്ടം 1 മുതൽ 5 വരെ എന്നതും രാം ഘട്ടം 6 മുതൽ 8 വരെ എന്നതും അക്കാദമിക കാരണങ്ങളാൽ വ്യത്യസ്തമാണ് എന്ന് സൂചിപ്പിക്കുകയാണ് നിയമത്തിന്റെ ഷെഡ്യൂൾ വഴി ചെയ്യുന്നത് എന്നാണ് ഞങ്ങൾ മനസ്സിലാക്കുന്നത്. അല്ലാതെ ഘടനാപരമായി ഇപ്രകാരം ആയിക്കൊള്ളണം എന്ന് നിയമത്തിൽ ഒരിടത്തും പറയുന്നതായി കാണുന്നില്ല. 2010 ഏപ്രിൽ 9 ന് കേന്ദ്ര സർക്കാരിന്റെ ഗസറ്റിൽ നോട്ടിഫൈ ചെയ്ത ചട്ടങ്ങളിലാണ് ഒരു കിലോമീറ്ററിനുള്ളിൽ 6 മുതൽ 8 വരെ ക്ലാസുകളിൽ പഠിക്കാനുള്ള സൗകര്യം ബന്ധപ്പെട്ട സർക്കാരുകൾ ഉാക്കണം എന്ന് സൂചിപ്പിക്കുന്നത്. ഇവിടെയും ഘടന ഇന്നതാകണം എന്ന് നിഷ്കർഷിച്ച് കാണുന്നില്ല. ആയതിൽ 1959 ൽ തയ്യാറാക്കിയ കെ.ഇ. ആറിന്റെ അടിസ്ഥാനത്തിൽ രൂപപ്പെട്ട് വികസിച്ച നമ്മുടെ നിലവിലുള്ള വിദ്യാഭ്യാസ ഘടന വിദ്യാഭ്യാസ അവകാശ നിയമം വ്യാഖ്യാനിച്ചു കൊ് മാറ്റേ അവസ്ഥയു് എന്ന് ഞങ്ങൾ കരുതുന്നില്ല. ആയതിനാൽ സ്കൂൾ ഘടന മാറ്റം അതിസങ്കീർണ്ണമായ പ്രശ്നങ്ങൾ സംസ്ഥാനത്ത് സംജാതമാക്കും എന്നതിനാൽ നിലവിലുള്ള രീതിയിൽ തന്നെ തുടരണം എന്നാണ് ഞങ്ങളുടെ അഭിപ്രായം.
   അതോടൊപ്പം കേരളത്തിൽ എവിടെയെങ്കിലും നിയമത്തിൽ വിഭാവനം ചെയ്യുന്ന പരിധിയിൽ 8–ാം ക്ലാസുവരെ പഠിക്കാനുള്ള സൗകര്യമില്ലെങ്കിൽ അതുറപ്പാക്കുംവിധം പ്രൈമറി സ്കൂളുകൾ പുതുതായി സ്ഥാപിക്കുകയോ, നിലവിലുള്ളവ അപ്ഗ്രേഡ് ചെയ്യുകയോ ചെയ്യാവുന്നതാണ്.

3. ദുർബല വിഭാഗങ്ങളിലും, പാർശ്വവത്കരിക്കപ്പെട്ട വിഭാഗങ്ങളിലും പെടുന്ന കുട്ടികൾക്കായി 25% സീറ്റ് അൺഎയ്ഡഡ് സ്കൂളുകളിൽ മാറ്റിവക്കണം എന്ന ബില്ലിലെ വ്യവസ്ഥ കേരളീയ സാഹചര്യത്തിൽ അപ്രസക്തമാണ്. കാരണം സർക്കാർ തന്നെ കുട്ടികളുടെ പഠനത്തിന് ഇതിനകം തന്നെ ആവശ്യത്തിന് സ്കൂളുകൾ സ്ഥാപിക്കുകയും അധ്യാപകരെ നിയമിക്കുകയും

ചെയ്തിട്ടു്. ഈ സാഹചര്യത്തിൽ എൽ.പി. വിഭാഗത്തിന് 1 കി.മി. നുള്ളിലും യു.പി. വിഭാഗത്തിന് 3 കി.മി. നുള്ളിലും സർക്കാർ/എയ്ഡഡ് സ്കൂളുകൾ ഇല്ലാത്ത പ്രദേശങ്ങളിലെ കുട്ടികൾക്ക് മാത്രമേ അൺഎയ്ഡഡ് വിദ്യാലയങ്ങളിൽ ചേർന്നാൽ പഠനത്തിനാവശ്യമായ സർക്കാർ സഹായം ലഭ്യമാക്കൂ എന്ന വ്യവസ്ഥ സ്വാഗതാർഹമാണ്.

4. സർക്കാർ ഉത്തരവിന്റെ നാലാംഭാഗം വിദ്യാർത്ഥി അധ്യാപക അനുപാതം പറയുന്ന ഭാഗം അങ്ങേയറ്റം പ്രതിലോമകരമാണ്. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പൊതുസത്തക്ക് വിരുദ്ധമാണ് ഉത്തരവിന്റെ ഈ ഭാഗം. എന്നാൽ അനുപാതം കുറയുമ്പോൾ ഉാകുന്ന അധിക സ്തികകളിൽ അധ്യാപക പാക്കേജിൽ നിന്നമാത്രമേ അധ്യാപകരെ നിയമിക്കാവൂ എന്ന ഉത്തരവിലെ പരാമർശം സ്വാഗതാർഹവും നിലനിർത്തേതുമാണ്.

പ്രാപ്യത, തുല്യത, മികവ് (Access, Equity, Excellence) എന്നിവ ഉറപ്പാക്കുക എന്നതാണ് വിദ്യാഭ്യാസ അവകാശ നിയമം ലക്ഷ്യം വക്കുന്നത്. ഇതിൽ പ്രാപ്യത വിദ്യാഭ്യാസ അവകാശ നിയമ നടപ്പാക്കുന്നതിന് മുമ്പു തന്നെ നാം കൈവരിച്ചു എന്ന് കേന്ദ്ര മാനവവിഭവവികസന മന്ത്രാലയം പുറത്തിറക്കിയ സ്റ്റാറ്റിസ്റ്റിക്സ് ഓഫ് സ്കൂൾ എഡ്യൂക്കേഷൻ വ്യക്തമാക്കുന്നു. സ്കൂൾ പ്രായത്തിലുള്ള ഏതാല്ലൊ കുട്ടികളും പത്താം ക്ലാസ്സുവരെയുള്ള വിദ്യാഭ്യാസ ഘട്ടം പൂർത്തീകരിക്കുന്നു. ദേശീയ തലത്തിൽ ഒന്നുമുതൽ അഞ്ചുവരെ ക്ലാസുകളിലെ കൊഴിഞ്ഞ് പോക്ക് ശതമാനം 27 ആണ്. എട്ടാം ക്ലാസ് ആകുമ്പോഴേക്കും ഇത് 41 ഉം പത്താം ക്ലാസ് ആകുമ്പോഴേക്കും 49 ഉം ആയി മാറുമ്പോൾ കേരളത്തിൽ കൊഴിഞ്ഞുപോക്ക് നാമമാത്രമോ തീരെയില്ലാത്തതോ ആയ അവസ്ഥയാണ്. അതുപോലെ ഇന്ത്യയിലെ 13 ലക്ഷത്തോളം വരുന്ന എലിമന്ററി വിദ്യാലയങ്ങളിൽ വളരെ വലിയ പങ്ക് ഏകാധ്യാപിക വിദ്യാലയങ്ങളാണ്. എന്നിട്ടും 12 ലക്ഷത്തിനടുത്ത് അധ്യാപക തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. പല സംസ്ഥാനങ്ങളിലും യോഗ്യരായ അധ്യാപകരെ ലഭ്യമാകാത്ത അവസ്ഥയു്. ഈ ദുരവസ്ഥ കൂടി പരിഗണിച്ചാണ് ഒരു സ്കൂളിൽ ചുരുങ്ങിയത് ര് അധ്യാപകർ ഉാകണമെന്നും, പ്രൈമറി ക്ലാസിൽ 30 കുട്ടികൾക്ക് ഒരധ്യാപകനെയും അപ്പർ പ്രൈമറിയിൽ 35 കുട്ടികൾക്ക് ഒരധ്യാപകനെയെങ്കിലും ഉറപ്പാക്കണമെന്നും നിയമം നിഷ്കർഷിച്ചിരിക്കുന്നത്. ചുരുങ്ങിയത് ഇത്ര അധ്യാപകർ വേണം എന്നാണ് നിയമം അനുശാസിക്കുന്നത്. എന്നാൽ ഓരോ ക്ലാസിനും ഒരധ്യാപകൻ എന്നതും ഓരോ ക്ലാസിലും ഇത്ര കുട്ടികളിൽ കൂടുതലായാൽ അധിക ഡിവിഷൻ അനുവദിക്കണം എന്നും 1959 ൽ തയ്യാറാക്കിയ കേരള വിദ്യാഭ്യാസ നിയമം അനുശാസിക്കുന്നു. ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശമാണെന്നും ഇങ്ങനെ ഗുണമേന്മാ വിദ്യാഭ്യാസത്തിന് അധ്യാപകന്റെ സേവനം ഉറപ്പാക്കാനുള്ള ബാധ്യത കേരളീയ സമൂഹം ഏറ്റെടുക്കുന്നു എന്നുള്ള അസന്നിഗ്ധമായ പ്രഖ്യാപനമാണ് കെ.ഇ.ആർ. വഴി നാം നടത്തിയത്. തുല്യത, മികവ് എന്നിവ പൂർണ്ണാർത്ഥത്തിൽ ഉറപ്പാക്കാൻ ഇനിയും നാം മുന്നോട്ടു പോകേതു്. വിദ്യാർത്ഥി അധ്യാപക അനുപാതം കുറച്ചും, കുട്ടികളുടെ സർവ്വമാന കഴിവുകൾ കത്തെി അത് മാക്സിമീകരിക്കാൻ ഉതകുന്ന പഠനാന്തരീക്ഷവും, വൈദഗ്ദ്യവും ഉറപ്പാക്കിയും വേണം ഇത് ചെയ്യാൻ. അങ്ങനെയുള്ള കേരളീയനുഭവങ്ങൾ ഭാവിയിൽ ദേശീയ തലത്തിൽ മുതൽകൂട്ടാവും. മാത്രവുമല്ല 12-ാം ക്ലാസുവരെ സാർവ്വത്രീക വിദ്യാഭ്യാസ സാധിതമായ കേരളത്തിൽ 12-ാം ക്ലാസുവരെയുള്ള സമഗ്രമായ വിദ്യാഭ്യാസ പരിപാടിയെക്കുറിച്ചാണ് ആലോചന നടക്കേത്. എന്നാൽ ഇതൊന്നും ചെയ്യാതെ കുട്ടികൾക്ക് നിലവിലുള്ള വിദ്യാഭ്യാസ അവകാശം പോലും നിഷേധിക്കുന്ന രീതിയിൽ വിദ്യാർത്ഥി അധ്യാപക അനുപാതം സ്കൂൾ അടിസ്ഥാനത്തിൽ ക്രമീകരിക്കാനുള്ള തീരുമാനം വിദ്യാഭ്യാസ വിരു

KSTA STATE COMMITTEE

ദ്ധമാണ്. വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പൊതുസത്തയോട് യോജിക്കാത്തതാണ്. ആയതിനാൽ സർക്കാർ ഉത്തരവിലെ ഈ ഭാഗം പിൻവലിച്ചേ തീരൂ. അതോടൊപ്പം ഇന്ന് നിലവിലുള്ള വിദ്യാർത്ഥി അധ്യാപക അനുപാതം പുതിയ പാഠ്യപദ്ധതി യാഥാർത്ഥ്യബോധത്തോടെ നടപ്പാക്കാൻ ഉതകുന്നവിധം കുറച്ചുകൊുവരുന്നതിനും, പഠന പരിസരത്തിന്റെ ഗുണമേന്മ വർദ്ധിപ്പിക്കുന്നതിനും, ക്ലാസ് റൂം ആർക്കിടെക്ചർ ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിന് അനുഗുണമാക്കുന്നതിനും, കുട്ടികളുടെ എല്ലാ വിധ ശേഷികളും പ്രോത്സാഹിപ്പിക്കുന്നതിന് വേ വൈദഗ്ധ്യം ഉറപ്പാക്കുന്നതിനും (സ്പെഷ്യലിസ്റ്റ് അധ്യാപകരുടെ സേവനം കുട്ടികൾക്ക് ഉാകണം എന്ന് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ ഷെഡ്യൂളിലു്) ഉള്ള പദ്ധതികൾ ആവിഷ്കരിച്ച് അതിനാവശ്യമായ വിഭവം കേരളത്തിന് വിദ്യാഭ്യാസ അവകാശ നിയമത്തിന്റെ പശ്ചാത്തലത്തിൽ ലഭ്യമാക്കാനുള്ള വാദഗതികൾ കേന്ദ്ര സർക്കാരിന്റെ മുന്നിൽ ഉയർത്തുകയാണ് വേ ത്.

മാത്രവുമല്ല ഇക്കാര്യത്തിൽ സർക്കാരുകൾ മുൻപ് കൈകൊ തീരുമാനങ്ങളോടും പരിഗണിക്കണം. വിദ്യാർത്ഥി അധ്യാപക അനുപാതം 1:30 ആക്കണമെന്ന് 24-03-2011 ൽ ജി.ഒ (എം.എസ്) നം. 90/11/പ്രൊ.വി.വ യായി ഉത്തരവ് പുറപ്പെടുവിച്ചിട്ടുായിരുന്നു. ഇതിന്റെ പ്രായോഗിക വശങ്ങൾ പഠിക്കാൻ ചീഫ് സെക്രട്ടറി ഉൾപ്പെടെയുള്ള ഗവ: സെക്രട്ടറിമാരുടെ ഒരു സമിതിക്കും രൂപം നൽകിയിരുന്നു. 1/10/2011 ൽ ജി. ഒ. (പി) നംമ്പർ 199/2011/ പ്രൊ.വി. പ്രകാരം ഒന്നു മുതൽ നാലുവരെ ക്ലാസുകളിൽ വിദ്യാർത്ഥി അധ്യാപക അനുപാതം 30:1 ആയും അഞ്ചു മുതൽ പത്തുവരെ ക്ലാസ്സുകളിൽ ഇത് 35:1 ആയും ക്രമീകരിക്കാനുമാണ് തീരുമാനമായത്.
അടിക്കടി ഉത്തരവുകൾ മാറ്റി മറിക്കുന്നത് പൊതുവിദ്യാഭ്യാസ രംഗത്ത് അരക്ഷിതാവസ്ഥ ഉാക്കാനേ സഹായിക്കൂ. മിനിമം സുരക്ഷിതത്വബോധമുങ്കിലേ ഗുണമേന്മാവിദ്യാഭ്യാസത്തിനായി നടത്തുന്ന ശ്രമങ്ങളിൽ സക്രിയമായി പങ്കെടുക്കാൻ അധ്യാപകർക്കും രക്ഷിതാക്കൾക്കും സാധിക്കൂ എന്ന മിനിമം അവബോധം ഭരണ സംവിധാനത്തിനില്ലാത്തത് പ്രതിഷേധാർഹമാണ്.

ഈ പശ്ചാത്തലത്തിൽ ജി.ഒ. (എം.എസ്) 154/2013/പ്രൊ.വി ഉത്തരവിൽ മേൽപറഞ്ഞ കാര്യങ്ങൾ പരിഗണിച്ച് ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന് ആവശ്യപ്പെടുന്നു.

വിശ്വസ്തതയോടെ

**എം ഷാജഹാൻ**
**ജനറൽ സെക്രട്ടറി**

KSTA STATE COMMITTEE